ഭരണഭാഷ-മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സർക്കാർ)

സ്റ്റേറ്റ് ഇംപ്ളിമെന്റേഷൻ സെൽ
ഡയറക്ടറേറ്റ് ഓഫ് ട്രെയ്നിംഗ്
തൈയ്ക്കാട്, തിരുവനന്തപുരം- 695 014

നമ്പർ. എസ്.ഐ.സി. 19272 /എം.ഇ.എസ്/13 തിയതി 22/10.2013

**മെമ്പർ സെക്രട്ടറി**

**പ്രിൻസിപ്പാൾ**
**സർക്കാർ / സ്വകാര്യ ഐടിഐ**
**വിടിപി കൾ**

സർ,

**വിഷയം :-** **വ്യാവസായിക പരിശീലന വകുപ്പ് - സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം - വിടിപി കൾക്കുള്ള പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്.**

**സൂചന :-** **ഡിജിഇറ്റി /2/2/2013 എം.ഇ.എസ്/ഐ എസ് തിയതി 24.09.2013**

കേന്ദ്രസർക്കാർ നടപ്പാക്കുന്ന നൈപുണ്യ വികസന സംരംഭകത്വ പദ്ധതി (സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം) കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡിജിഇ&ടി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട്. പുതിയ നിർദ്ദേശ പ്രകാരം, സർക്കാർ/സ്വകാര്യ ഐടിഐകളും മറ്റു വിടിപികളും താഴെപ്പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. എൻ.സി.വി.ടി അഫിലിയേഷനുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ / സ്വകാര്യ ഐടിഐ കളും സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീമിൽ കുറച്ചു പേർക്കെങ്കിലും നിർബന്ധമായി എംഇഎസ് കോഴ്സുകളിൽ പരിശീലനം നടത്തണം.
2. സർക്കാർ/സ്വകാര്യ ഐടിഐകളിൽ ഈ പദ്ധതിയുടെ പുരോഗതി മൂന്നു മാസം കൂടുമ്പോൾ പരിശോധിക്കും. സർക്കാർ/സ്വകാര്യ ഐ.ടിഐയുടെ എൻ.സി.വി.ടി അഫിലിയേഷൻ തുടരുന്നതിനും ഭാവിയിൽ പുതിയ ട്രേഡിനും, യൂണിറ്റിനും അഫിലിയേഷൻ അനുവദിക്കുന്നതിനും എം.ഇ.എസ് കോഴ്സ് ഒരു മാനദണ്ഡ മായി കണക്കാക്കപ്പെടുന്നതാണ്.
3. എം.ഇ.എസ് കോഴ്സുകളിലെ പരിശീലാർത്ഥികളുടെയും പരിശീലകരുടെയും ഹാജർ 'ബയോ മെട്രിക്യന്ത്ര' ത്തിൽ രേഖപ്പെടുത്തണം. ഇതിനാവശ്യമായ സംവിധാനം 2014 ഏപ്രിൽ ഒന്നിനകം ഏർപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശം സശ്രദ്ധം ഉൾക്കൊണ്ട് പ്രവർത്തിക്കണമെന്നും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

മെമ്പർ സെക്രട്ടറി
(ട്രെയ്നിംഗ് ഡയറക്ടർ)

അനുബന്ധം : സൂചന മാർഗ്ഗനിർദ്ദേശം